പറഞ്ഞിട്ടുള്ളതാണ്. എന്നിട്ട് മുഖ്യമന്ത്രി ഇറിടെ വന്നുപറഞ്ഞത് ദൗർഭാഗ്യകരമായിപ്പോയി എന്നാണ്. ഒരുപക്ഷേ അദ്ദേഹത്തിന്റെ ഉള്ളു കാട്ടുവാനുള്ള പ്രയാസമാണോ എന്നറിയില്ല.

"തന്നതില്ല പരതുള്ളി കാട്ടുവാൻ

തനതുഭാഗമൊന്നുമീശ്വരൻ

ഇന്നു ഭാഷയിന്നതപൂർണ്ണമന്നതോ

..... അർത്ഥശങ്കയാൽ"

എന്ന ഒരു വിചാരമാണോ അങ്ങേയ്ക്കുള്ളത് എന്ന് എനിക്കറിയില്ല. അതോ അങ്ങും മാറിപ്പോയോ ? ഗവൺമെന്റിന്റെ പരിസ്ഥിതി സംരക്ഷണത്തിനായി നടത്തുന്ന ഈ പ്രവർത്തനങ്ങൾക്ക് അങ്ങേയെസ് മൂളുകയാണോ ? അങ്ങയുടെ ഡിപ്പാർട്ടുമെന്റാണ് പറഞ്ഞത്. അതുപോലെ കേന്ദ്ര ഗവൺമെന്റ് പരിസ്ഥിതി വകുപ്പിൽനിന്ന് ഇത് നിരോധിക്കാൻ നിയമം കൊടുത്തു. എന്നിട്ട് ഇവർ എന്താണ് നടത്താൻ പോകുന്നത് എന്ന് അറിയാമോ ? മഴ നൃത്തമല്ല പരിസ്ഥിതി സംരക്ഷണതാണ്ഡവമാണ് അവർ നടത്തുന്നത്. അതുകൊണ്ട് ഗവൺമെന്റിന്റെ ഈ നയത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി. സഭ വിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനു ശേഷം വീണ്ടും പ്രാജരായി.)

III ശ്രദ്ധക്ഷണിക്കൽ

(1) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ ചികിത്സാസൗകര്യങ്ങളുടെ അപര്യാപ്തത

ശ്രീ. യു. സി. രാമൻ : സർ, ഞാൻ നേരത്തെ നിരവധി തവണ ഉന്നയിച്ച വിഷയങ്ങൾ ഒന്നുകൂടി ആവർത്തിക്കുകയാണ്. കോഴിക്കോട് മെഡിക്കൽ കോളേജിൽ പറഞ്ഞാൽ തീരാത്ത അത്ര പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. എല്ലാം പൂർണ്ണമായും പരിഹരിക്കാൻ കഴിയുമെന്ന വിശ്വാസമില്ലെങ്കിൽപ്പോലും പരമാവധി ഇടപെടൽ അങ്ങയുടെ ഭാഗത്തു നിന്നും ഉണ്ടാകണം എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കറണ്ട് പോയാൽ ജനറേറ്റർ ഇല്ലാത്തതുകാരണം മണിക്കൂറുകളോളം സി.ടി. സ്കാൻ പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ല. അതുപോലെ വളരെപഴകിയ എക്സ്റേ മെഷീനാണ് ഉപയോഗിക്കുന്നത്. അവിടെ പുതിയ മെഷീൻ സ്ഥാപിക്കുന്നതിനാവശ്യമായ സംവിധാനമുണ്ടാക്കണം. കാഷ്വാലിറ്റിയിൽ സി.ആർ. സിസ്റ്റം നടപ്പിലാക്കിയതുകൊണ്ട് എക്സ്റേയുടെ വിലിം ഒരുപാട് ലാഭമാണ്. അതും ഡിപ്പാർട്ടുമെന്റിന്റെ ആവശ്യത്തിന് നിർമ്മിക്കാനാവശ്യമായ സംവിധാനമുണ്ടാക്കണം. അതുപോലെ ഡന്റൽ കോളേജിന്റെ സ്ഥലപരിമിതി കണക്കിലെടു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ത്തുകൊണ്ട് ആധുനികകെട്ടിടങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ സംവിധാനമുണ്ടാക്കണം. കോഴിക്കോട് മോർച്ചറിയിൽ സൂക്ഷിച്ചിരിക്കുന്ന അനാഥ ബോഡികൾ നീക്കം ചെയ്യുന്നതിനാവശ്യമായ സംവിധാനവും അടിയന്തരമായി ഉണ്ടാകണം. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ ഉത്ഘാടനം കഴിഞ്ഞിട്ട് മൂന്ന് വർഷമായെങ്കിലും ഇന്നുവരെ അവിടെയുള്ള സംവിധാനം പൂർണ്ണമായും ഉപയോഗപ്പെടുത്താൻ പറ്റിയിട്ടില്ല. ഏതാനും ഒ.പി.-കൾ മാത്രമാണ് അവിടെ ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ആവശ്യമായ ജീവനക്കാരെ നിയമിച്ച് ഓപ്പറേഷൻ തിയേറ്റർ, എക്സ്റേ മെഷീൻ, വാർഡ് തുടങ്ങിയ സംവിധാനത്തോടുകൂടി ആ സമുച്ചയം പ്രവർത്തനസജ്ജമാക്കുന്നതിനാവശ്യമായ നടപടിയുണ്ടാക്കണം. പുതിയ ബ്ലോക്കിൽനിന്നും പഴയ ബ്ലോക്കിലേയ്ക്ക് എത്തുന്നതിന് കോറിഡോർ സംവിധാനം നിർമ്മിക്കണം. ഗുരുതരാവസ്ഥയിലുള്ള രോഗികളെ പഴയ ബ്ലോക്കിൽനിന്ന് പുതിയ ബ്ലോക്കിൽ കൊണ്ടുപോകുന്നതിന് ഒരു ആംബുലൻസ് സർവ്വീസ് ഇതിനുവേണ്ടി മാത്രമായി അവിടെ ഏർപ്പെടുത്തണം. ക്യാൻസർ രോഗികൾക്ക് പുരുങ്ങിയ ചെലവിൽ നൂതന സംവിധാനത്തിലൂടെ രോഗനിർണ്ണയം നടത്തി ചികിത്സ ലഭ്യമാക്കുന്നതിനാവശ്യമായ സ്പെക്ട്രോ ഗാമാ ക്യാമറ സ്ഥാപിക്കുന്നതിന് വിട്ടു കേന്ദ്ര ഫണ്ട് ഉപയോഗിച്ച് ഗാമാ ക്യാമറ സ്ഥാപിക്കുന്നതിനാവശ്യമായ അടിയന്തര നടപടിയുണ്ടാകണം. ഇത് ഞാൻ നേരത്തെ സബ്മിഷനിലൂടെ ഉന്നയിച്ചതാണ്. ശ്രീ. പി. എം. എ. സലാം, ശ്രീ. എ. പ്രദീപ് കുമാർ എന്നിവർ ഈ കാര്യം ഉന്നയിച്ചതാണ്. ഇത് ഒരു പൊതുവികാരമാണ്. അതുപോലെ അവിടെയുള്ള നവീകരിച്ച ക്യാന്റീനിന്റെ ഉത്ഘാടനം കഴിഞ്ഞിട്ട് മൂന്നു വർഷത്തോളമായിട്ടും ഇന്നുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ആ ക്യാന്റീൻ പ്രവർത്തിക്കുന്നതിനാവശ്യമായ ഇടപെടൽ ഉണ്ടാകണം. മെഡിക്കൽകോളേജിൽ ജനറിതരണം ഇടയ്ക്കിടെ തടസ്സപ്പെടുകയാണ്. തടസ്സം കൂടാതെ ജനറിതരണം ലഭ്യമാക്കുന്നതിനാവശ്യമായ നടപടിയുണ്ടാകണം. ഞാൻ ഇന്നലെ കോഴിക്കോട് മെഡിക്കൽ കോളേജിൽ പോയിരുന്നു. ഏതാണ്ട് മുക്കാൽ മണിക്കൂർ സമയമാണ് അവിടെ കറണ്ട് പോയത്. അതിന്റെ പ്രയാസം എനിക്ക് കാണാൻ സാധിച്ചു. അതിനാവശ്യമായ ഇടപെടൽ ഉണ്ടാകണം. .....(മൈക്ക് ഓഫ്)..... അവിടെ പരിസരമാകെ കാടുപിടിച്ച് കിടക്കുകയാണ്. .....(മൈക്ക് ഓഫ്)..... എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവരായ സിക്കിൾസെൽ, അനീമിയ തുടങ്ങിയ രോഗങ്ങളുമായി വരുന്നയാളുകളുടെ രോഗത്തിനുള്ള കാരണം എന്താണെന്ന് പരിശോധിക്കുന്നതിന് ആവശ്യമായ രൂപത്തിലേയ്ക്ക് വാണുകൾ ഒന്നുകൂടി സജ്ജമാക്കണം. ഒരു മാനസ്യ നിർമ്മാർജ്ജനത്തിനുള്ള പ്ലാന്റുകൾ സ്ഥാപിക്കണം. മലിനീകരണ പ്രശ്നങ്ങളെക്കുറിച്ച് നേരത്തെ പലതവണ സൂചിപ്പിച്ചിട്ടും പരിഹാരമുണ്ടായിട്ടില്ല. അതിനുവേണ്ടി എട്ട് കോടി രൂപ ചെലവഴിച്ച് അവിടെ പ്ലാന്റ് സ്ഥാപിച്ചെങ്കിലും ഇന്നും ആ ജലം പുറത്തു പോകുന്നതുമായി ബന്ധപ്പെട്ട് തർക്കങ്ങൾ നിലനിൽക്കുകയാണ്. അടിയന്തരമായി അതിന് ശാശ്വതമായ പരിഹാരമുണ്ടാകണം. (മൈക്ക് ഓഫ്)..... മോർച്ചറിയിൽ ഉള്ളിയും പുറ്റികയും വച്ച് തലയ്ക്കടിച്ച് പൊട്ടിച്ചു

കൊണ്ടാണ് ബോഡി പോസ്റ്റുമോർട്ടം ചെയ്യുന്നത്. പുറത്തുനിൽക്കുന്ന ആളുകൾക്കൊക്കെ അതിന്റെ ശബ്ദം കേൾക്കാം. അവിടെ സ്ട്രൈക്കർ കൊടുത്ത് പോസ്റ്റ്മോർട്ടം നടത്താൻ ആവശ്യമായ നടപടിയുണ്ടാകണം. (മൈക്ക് ഓഫ്)

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): സർ, കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി ഏറ്റവും നല്ല ഒരു ആശുപത്രിയാക്കി മാറ്റണമെന്നുള്ള ശ്രീ. യു. സി. രാമന്റെ ആഗ്രഹം തീർച്ചയായും വളരെ നല്ല രീതിയിലാണ് ഞാൻ
10.00 AM എടുക്കുന്നത്. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി മാത്രമല്ല കേരളത്തിലെ അഞ്ച് മെഡിക്കൽ കോളേജ് ആശുപത്രിയിലും ഇന്ന് കേരളത്തിൽ ഏത് പ്രൈവറ്റ് കോർപ്പറേറ്റിൽ നിന്നും ലഭിക്കുന്ന സർവ്വീസ് ലഭ്യമാണ്. കിഡ്നി പ്ലാന്റേഷൻ ഒഴികെയുള്ള സങ്കീർണ്ണമായ ഏത് ശസ്ത്രക്രിയയും നടത്താനുള്ള സൗകര്യങ്ങൾ ഇന്ന് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലുണ്ട് എന്നറിയിക്കാൻ എനിക്ക് സന്തോഷമുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം കോഴിക്കോട് മാത്രം 23 കോടി രൂപയുടെ എക്യുപ്മെന്റ് സാണ് വാങ്ങിയിട്ടുള്ളത്. ഈ ഗവൺമെന്റ് വന്നതിനുശേഷം ആദ്യം അത്യാഹിതവിഭാഗം നവീകരിച്ചു, രക്തബാങ്ക് നവീകരിച്ചു, രണ്ട് പുതിയ ഐ.സി.യു. മെഡിസിനിലും, സർജറിയിലും ഉണ്ടാക്കി. സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ കിടത്തി ചികിൽസ ആരംഭിച്ചു. അത്യാഹിത വിഭാഗത്തിൽ ഡിജിറ്റൽ എക്സ്-റേ സജ്ജമാക്കി. ശ്രീ. പി. എം. എ. സലാം, ശ്രീ. യു.സി. രാമൻ, ശ്രീ. എ. പ്രദീപ്കുമാർ ഇവരെല്ലാം ആവശ്യപ്പെട്ടതനുസരിച്ച് സ്പെക്ട്രോ ഗാമാ ക്യാമറ വാങ്ങുന്നതിനുള്ള നടപടി ആയിട്ടുണ്ട്. എല്ലാ ഒ.പി. കളും നവീകരിച്ചു. കാൻസർ ചികിൽസയ്ക്കുള്ള റേഡിയോ സ്റ്റിമുലേറ്റർ സജ്ജമാക്കി. സൂപ്പർ സ്പെഷ്യാലിറ്റിയിൽ പുതിയ കാത്ത് ലാബ് തുടങ്ങുന്നതിന് 3 കോടി 41 ലക്ഷം രൂപ അനുവദിച്ചു. ഇൻസ്റ്റലേഷന് ഏകദേശം ആയിക്കഴിഞ്ഞിട്ടുണ്ട്. എം.ആർ.ഐ. സ്കാൻ, ഇ.എസ്.ഡബ്ല്യു.എൽ, റേഡിയോ തെറാപി സ്റ്റിമുലേറ്റർ രണ്ട് കോടി രൂപയുടെ വെന്റിലേറ്റർ, ഇതു കൂടാതെ 16 വെന്റിലേറ്റർ ഇതൊക്കെ നമുക്ക് വാങ്ങാൻ സാധിച്ചു. മാതൃ ശിശു സംരക്ഷണ കേന്ദ്രത്തിലാണെങ്കിൽ വളരെ നല്ലരീതിയിലുള്ള നവീകരണ പ്രവർത്തനങ്ങൾ ഇപ്പോൾ പൂർത്തിയായിക്കഴിഞ്ഞു. അവിടെ നവജാത ശിശുക്കൾക്കും ചെറിയ കുട്ടികൾക്കും എത്ര ഏത് റിസ്ക് കേസായാലും കുഞ്ഞിനെ രക്ഷപ്പെടുത്താനുള്ള എല്ലാ ഫെസിലിറ്റിയും കേരളത്തിലെ ഏത് പ്രൈവറ്റ് ആശുപത്രിയിലും ലഭ്യമാകുന്ന സൗകര്യങ്ങൾ ഇന്ന് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലും ലഭ്യമാണ്. പൾസ് ഓക്സിമീറ്റർ ആവശ്യത്തിന് വാങ്ങിക്കഴിഞ്ഞു. ഇൻഫ്യൂഷൻ പമ്പ്, ബോക്സ്മോസ് കോട്ടിംഗ്, അനുബന്ധ ഉപകരണങ്ങൾ അതുപോലെ ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നൊക്കെ വളരെ അപൂർവ്വം ആശുപത്രികളിൽ മാത്രം കാണുന്ന മൂത്രാശയത്തിൽ കല്ല് വന്നാൽ പൊടിച്ചുകളയുന്ന വളരെ ആധുനികമായിട്ടുള്ള ഉപകരണങ്ങൾ എന്നിവ സജ്ജമാക്കി. മരുന്ന് ലഭ്യമാക്കി. എന്നാലും വളരെ സങ്കീർണ്ണമായ, കേരളത്തിൽ മറ്റൊരു പ്രൈവറ്റ് ആശുപത്രിയിലും നടത്താത്ത ഒരു സർജറി ഈ കഴിഞ്ഞദിവസം രണ്ടുമാസം മുമ്പ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അവിടെ നടന്നു. അത് കിഡ്നി ട്രാൻസ്പ്ലാന്റേഷനായിരുന്നു. നമ്മുടെ മെഡിക്കൽ കോളേജ് ആശുപത്രിയിലെ എക്സ്പെർട്ട്സായിട്ടുള്ള ഡോക്ടേഴ്സ് പെട്ടെന്നുതന്നെ കമ്മിറ്റി യോഗം ചേർന്ന് മരിച്ചുപോയ എന്നാൽ ബ്രെയിൻ ഡെത്താവാത്ത ഒരാളുടെ ഡെഡ് ബോഡിയിൽ നിന്ന് കിഡ്നി എടുത്ത് രണ്ട് പേരുടെ ജീവൻ രക്ഷപ്പെടുത്തുകയുണ്ടായി. വളരെ സങ്കീർണ്ണമായ ശസ്ത്രക്രിയകൾ ഇന്ന് മെഡിക്കൽ കോളേജ് ആശുപത്രിയിൽ വിജയകരമായി നടത്തുന്നു. എല്ലാം സക്സസ്സാണ്. അങ്ങനെ ഒരു പെരിഫ്യൂവർ ആയിട്ടുള്ള ഒരു കേസും ഇന്ന് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്ന് വരുന്നില്ല എന്നുള്ളത് ആശുപത്രി പ്രവർത്തനങ്ങളിലുള്ള ഈ ഗവൺമെന്റിന്റെ നാല് കൊല്ലത്തെ ഇടപെടലിന്റെ ഭാഗമായിട്ടുള്ളതാണ്. ഏകദേശം 600-കോടിയോളം രൂപ കേരളത്തിലെ മെഡിക്കൽ കോളേജ് ആശുപത്രിക്കുവേണ്ടി സംസ്ഥാന ഗവൺമെന്റ് ഇതിനകം ചെലവഴിച്ചു കഴിഞ്ഞിട്ടുണ്ട്. പക്ഷെ ബഹുമാനപ്പെട്ട മെമ്പർ ഈ കാര്യങ്ങളൊക്കെ ആവശ്യപ്പെട്ടതിൽ എനിക്ക് സന്തോഷമാണ് തോന്നിയത്, കാരണം ബഹുമാനപ്പെട്ട മെമ്പർ അദ്ദേഹത്തിന്റെ അച്ഛന് അസുഖമായാലും മകൾക്ക് അസുഖമായാലും അവിടെ പറ്റും വളരെ സൗകര്യമുള്ള സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയുണ്ടായിട്ടും അദ്ദേഹം അദ്ദേഹത്തിന്റെ ബന്ധുക്കളെ എല്ലാം റഫർ ചെയ്യുന്നത് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലാണ് എന്നതാണ്. രണ്ടു വർഷം മുമ്പ് അദ്ദേഹത്തിന്റെ അച്ഛനും അവിടെ ഒരു മാസത്തോളം കിടന്നിരുന്നു, ഇപ്പോൾ മകളേയും അവിടെ കൊണ്ടുവന്നു. എനിക്കതിൽ സന്തോഷമുണ്ട്. കാരണം അതിനുള്ള സൗകര്യമുണ്ട്, അതിൽ അദ്ദേഹത്തിന് വിശ്വാസമുണ്ട്. അദ്ദേഹത്തിന്റെ ആവശ്യം അത് വളരെ ശരിയാണ്. സിവേജിന്റെ പ്രശ്നം വാട്ടർ അതോറിറ്റിയുടെ കയ്യിലാണ് കിടക്കുന്നത്. ആ പൈപ്പ് ലൈൻ ഇട്ടുകഴിഞ്ഞാൽ എട്ട് കോടി രൂപ ചെലവഴിച്ച് വർഷങ്ങളായി നിലനിൽക്കുന്ന സിവേജ് ട്രിറ്റ്മെന്റ് പ്ലാന്റിന്റെ പണി നമുക്ക് എളുപ്പത്തിലാക്കാം. പക്ഷെ ഇത് ആരോഗ്യ വകുപ്പിന്റെ കയ്യിലല്ല, വാട്ടർ അതോറിറ്റിയുടെ കയ്യിലാണ് അത് ഇരിക്കുന്നത്. എത്രയും പെട്ടെന്ന് ഇത് ചെയ്തുകഴിഞ്ഞാൽ വെള്ളം നമുക്ക് ഒഴുക്കിയെടുക്കാൻ പറ്റും. ഇത്തരത്തിൽ അദ്ദേഹം ആവശ്യപ്പെട്ട തരത്തിൽ പല അസൗകര്യങ്ങൾ ഉണ്ട്. ഈ ഗവൺമെന്റ് അത് നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കും. കേരളത്തിലെ എന്നല്ല, ഇൻഡ്യയിലെ തന്നെ ഏറ്റവും നല്ല ആശുപത്രിയിലൊന്നായി തിരുവനന്തപുരം മാറിക്കഴിഞ്ഞു, കോഴിക്കോടും അങ്ങനെ മാറ്റിയെടുക്കുന്നതിനുള്ള ശ്രമത്തിലാണ് ഗവൺമെന്റ്.

ശ്രീ. യു. സി. രാമൻ : സർ, ഞാൻ ഇപ്പോൾ മാത്രമല്ല. എന്റെ ഓർമ്മവച്ച നാൾമുതൽ മെഡിക്കൽ കോളേജുമായി ബന്ധപ്പെടുന്ന ആളാണ്. അവിടത്തെ ഡീറ്റെയിൽസ് മുഴുവൻ അറിയാവുന്ന ആളാണ്. ഒരുപാട് കാര്യങ്ങൾ സർക്കാർ ചെയ്യുന്നതായി സൂചിപ്പിച്ചു. ഞാൻ നിഷേധിക്കുന്നില്ല. എങ്കിൽപ്പോലും ഞാൻ ഈപറഞ്ഞ മുഴുവൻ പോരായ്മകളും ഇന്നും അവിടെ നിലനിൽക്കുകയാണ്. അതിൽ ഏറ്റവും പ്രധാനമായത് ഞാൻ ഇന്നലെ എന്റെ കണ്ണുകൊണ്ട് കണ്ട കാഴ്ച കണ്ട് പോയ മുഖാൽ

മണിക്കൂർ സമയം, അവിടത്തെ സ്ത്രീകളും കുട്ടികളും അനുഭവിച്ച പ്രയാസവും അവിടത്തെ ശുദ്ധജലവുമായി ബന്ധപ്പെട്ട പ്രശ്നവും എനിക്ക് നേരിട്ട് കാണാൻ പറ്റി. ഈ കാര്യങ്ങൾ ഇനി ആവർത്തിക്കാതിരിക്കാൻ എല്ലാ ഡിപ്പാർട്ടുമെന്റുകളെയും സമന്വയിപ്പിച്ചുകൊണ്ട് അടിയന്തരമായി ഇടപെടൽ നടത്തി വെള്ളവും, വൈദ്യുതിയും ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : തീർച്ചയായും മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ടുകൊണ്ട് വിവിധ ഡിപ്പാർട്ടുമെന്റുകളുടെ സഹായം ലഭ്യമാക്കുന്നതിനാവശ്യമായിട്ടുള്ള നടപടി അടിയന്തരമായിട്ട് ഇടപെട്ടു കൊണ്ട് സ്വീകരിക്കാം.

(2) സഹകരണ സർവ്വകലാശാല രൂപീകരണം

ശ്രീ. വി. എൻ. വാസവൻ : സർ, കേരളത്തിൽ ഇന്ന് സഹകരണ പ്രസ്ഥാനം ജനജീവിതത്തിന്റെ സമസ്ത മേഖലകളിലും ഇടപെടുന്ന ഏറ്റവും പ്രധാനപ്പെട്ട മേഖലയായിരിക്കുന്നു. ഏതാണ്ട് പതിനയ്യായിരത്തോളം സഹകരണ സംഘങ്ങൾ രജിസ്ട്രാറുടെ കീഴിലും, പതിനായിരത്തോളം സഹകരണ സംഘങ്ങൾ പരമ്പരാഗത വ്യവസായങ്ങളിലുമായി ഇന്ന് കേരളത്തിൽ പ്രവർത്തിക്കുന്നു. ഇപ്പോൾ സഹകരണ മേഖലയിൽ ആരംഭിച്ച പ്രൊഫഷണൽ കോളേജുകളിലാണ് പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് പകുതിയോളം വിദ്യാർത്ഥികളും വിദ്യാഭ്യാസം നടത്തുന്നത്. കേപ്പിന്റെ കീഴിൽ രണ്ട് മെഡിക്കൽ കോളേജുകൾ, ഏഴ് എഞ്ചിനീയറിംഗ് കോളേജുകൾ, പതിനൊന്നോളം മറ്റ് പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളും 13 എച്ച്.ഡി.സി. കോളേജുകളും 11 ട്രെയിനിംഗ് സെന്ററുകളും ഇപ്പോൾ സഹകരണ യൂണിയന്റെ കീഴിലും പ്രവർത്തിക്കുന്നു. അതുപോലെ ഒരു എം.ബി.എ. കോളേജ് പ്രവർത്തിക്കുന്നു. ഇങ്ങനെ വിദ്യാഭ്യാസരംഗത്ത് വലിയ മുന്നേറ്റമാണ് സഹകരണ മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ രംഗത്ത് കൂടുതൽ പഠനവും ഗവേഷണവും ആവശ്യമാണ്. നമ്മുടെ സംസ്ഥാനത്ത് ഇനിയും സഹകരണ മേഖലയ്ക്ക് വലിയ രൂപത്തിലുള്ള സംഭാവനകൾ നൽകാൻ കഴിയും. അതിൽ പ്രധാനമാണ് ഈ ഗവൺമെന്റു വന്നതിനു ശേഷം ഇന്നത്തെ സഹകരണ മന്ത്രി പ്രഖ്യാപിച്ച 'സഹകരണം നവരത്നം കേരളീയം' എന്ന ആശയം. അതിൽ പ്രധാനമായിരുന്നു സഹകരണ വിദ്യാഭ്യാസം കേരളീയം എന്ന ആശയം. ആ തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത് മുന്നോട്ടുവരുമ്പോൾ ഇപ്പോൾ സഹകരണ മേഖലയിൽ കൂടുതൽ പഠനവും ഗവേഷണവും നടത്തുന്ന ഒരു സർവ്വകലാശാലയുടെ പരിധിയിൽ നിന്നുകൊണ്ട് ഈ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ക്രമീകരിക്കാൻ കഴിയുകയും ഒപ്പം ജെ.ഡി.സി.-യും, എച്ച്.ഡി.സി.-യും അടക്കമുള്ളതിന് ഡിഗ്രിയും അതുപോലെതന്നെ പോസ്റ്റ് ഗ്രാഡുവേഷൻ കോഴ്സും ആരംഭിക്കാൻ കഴിയുകയും ചെയ്താൽ അത് വലിയ രൂപത്തിലുള്ള മുന്നേറ്റങ്ങൾ ഉണ്ടാക്കാൻ സാധിക്കും. മറ്റൊന്ന് ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലെല്ലാം ഇപ്പോൾ സഹകരണം ഐശ്ചിക വിഷയ

LIBRARY ARCHIVES Kerala Legislative Assembly